നായർ	൨
ഈഴവർ	൪
ഹിന്ദുനാടാർ	൧
കാത്തലിക്ക്	൧
	൧൦

സാനിട്ടറി അസിസ്റ്റണ്ടന്മാർ

*൩൪൫. (൯൩) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് റീ ഓർഗനൈസ് ചെയ്തുകൊണ്ടുള്ള റിപ്പോർട്ടിന്മേൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാരിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ;

(ബി) പുതിയ പദ്ധതിയനുസരിച്ചു സാനിട്ടറി അസിസ്റ്റണ്ടന്മാരുടെ അടിസ്ഥാന ശമ്പളം എന്താണ്;

(സി) പ്രസ്തുത ശമ്പളം ടി ജീവനക്കാരുടെ ജീവിതാവശ്യങ്ങൾക്ക് മതിയാകാത്തതിനാൽ വർദ്ധിപ്പിക്കണമെന്നു കാണിച്ച് അവരിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല തീരുമാനവും ചെയ്യും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്. അതിന്മേൽ തീരുമാനമൊന്നും ചെയ്തിട്ടില്ല.

(ബി) പുതിയ പദ്ധതിയനുസരിച്ച് സാനിട്ടറി അസിസ്റ്റണ്ടന്മാർ മൂന്നു ഗ്രേഡുകളിൽ ഉണ്ടായിരിക്കും. അവരുടെ ശമ്പളം യഥാക്രമം ൪൫–൫–൭൫ രൂ ൦–൨–൪ രൂ, ൫ രൂ–൫–൨൦ രൂ, എന്നിപ്രകാരമായിരിക്കും.

(സി) മൂന്നാമ്ഗ്രേഡ് സാനിട്ടറി അസിസ്റ്റണ്ടന്മാരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിക്കണമെന്നു കാണിച്ചു നിവേദനങ്ങൾ കിട്ടിവരുന്നുണ്ട്. തീരുമാനമൊന്നും ചെയ്തിട്ടില്ല.

Unstarred questions

ചേർത്തല താലൂക്കിലെ കരക്കൃഷിസ്ഥലങ്ങൾ

൪൦൫. (൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിലെ ഓരോ പകുതികളിലും എത്ര ഏക്കർ സ്ഥലം വീതം തരിശായി കിടപ്പുണ്ട്;

(ബി) ഇവയിൽ കടിപാർപ്പിനും ആ താലൂക്കിലെ സ്ഥിതിയനുസരിച്ചു തെങ്ങ് മുതലായ (തെങ്ങിൻതൈ) വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും കൊള്ളാവുന്നവയായി ഓരോ പകുതിയിലും എത്ര ഏക്കർ വീതമുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly